ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

കുടുംബശ്രീ സി.ഡി.എസ്.

# ‘കോവിഡ് കാലത്തെ കുടുംബശ്രീ പ്രവർത്തനങ്ങൾ’


തയ്യാറാക്കിയത്

സുഹീഷ്. കെ

ബ്ലോക്ക് കോ-ഓഡിനേറ്റർ
കുടുംബശ്രീ ജില്ലാമിഷൻ

കണ്ണൂർ
9633688962

## കോവിഡ് കാലത്ത് ചെമ്പിലോട് സിഡിഎസ്സിന് കീഴിൽ നടന്ന പ്രവർത്തനങ്ങൾ

ദാരിദ്ര്യ നിർമാർജനം ലക്ഷ്യമിട്ടുകൊണ്ട് 1998 ൽ സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് ആവിഷ്ക്കരിച്ച സംവിധാനമാണ് കുടുംബശ്രീ. ചെമ്പിലോട് ഗ്രാമപഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 4193 കുടുംബങ്ങളിലെ സ്ത്രീകളെ ഉൾപ്പെടുത്തി അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. ഒരു കുടുംബത്തിൽ നിന്ന് ഒരു വനിത ഉൾപ്പെടുന്ന 251 അയൽക്കൂട്ടങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇവയെ ഏകോപിപ്പിച്ചുകൊണ്ട് 19 ADS ഉം ഒരു CDS ഉം പ്രവർത്തിക്കുന്നു. CDS ന്റെ കീഴിൽ 25 JLG കളും 15 ബാലസഭകളുമുണ്ട്. കൂടാതെ 19 ഗ്രൂപ്പ് സംരംഭങ്ങളും 3 വ്യക്തിഗത സംരംഭങ്ങളുമുൾപ്പെടെ 22 സംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നു. അഗതിരഹിതം പദ്ധതിയിൽ ഉൾപ്പെടുത്തി 53 കുടുംബങ്ങൾക്ക് വേണ്ട പിന്തുണ നൽകിവരുന്നു.

കൊറോണയുമായി ബന്ധപ്പെട്ട് മാർച് 23 മുതൽ ലോക്ക്ഡൗൺ പ്രഖ്യാപിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അയൽക്കൂട്ടങ്ങൾ ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ അയൽക്കൂട്ട യോഗങ്ങൾ ചേരേണ്ടതില്ല എന്ന അറിയിപ്പ് നൽകുകയും ചെയ്തു . കൂടാതെ ജില്ലാമിഷന്റെ നിർദ്ദേശ പ്രകാരം കോവിഡുമായുള്ളതും മറ്റു പ്രധാനപ്പെട്ട അറിയിപ്പുകൾ താഴെത്തട്ടിൽ എത്തിക്കുന്നതിന് വേണ്ടി ADS തലത്തിലും അയൽക്കൂട്ട തലത്തിലും WhatsApp ഗ്രൂപ്പുകൾ രൂപീകരിക്കുകയുമുണ്ടായി. ഇതിന് പുറമെ MKSP, ME, SD, MF തുടങ്ങിയ മേഖലകളിൽ ലോക്ക്ഡൗൺ കാലത്ത് കുടുംബശ്രീ

CDS ന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

## MF & Organisation

CMHLS പദ്ധതിയുടെ ഭാഗമായി ചെമ്പിലോട് കുടുംബശ്രീ CDS ന് കീഴിലുള്ള 177 അയൽക്കൂട്ടങ്ങളിലുമായി 1.4510000 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

പഞ്ചായത്തിലെ വയോജനങ്ങൾക്കായി സിഡിഎസ് മെമ്പർമാർ, വാർഡ് മെമ്പർമാർ, ഇ.ആർ.ടി വള  ിയർമാർ എന്നിവർ മുഖേന ആവശ്യമായ സഹായങ്ങൾ എത്തിച്ചു കൊടുക്കുന്നു. അവശ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി കാൾ സെന്റർ പഞ്ചായത്തിലും വാർഡിലും പ്രവർത്തിച്ചു വന്നിരുന്നു.

### കമ്മ്യൂണിറ്റി കിച്ചൺ

മാർച്ച് 23 ലോക്ഡൗൺ പ്രഖ്യാപനത്തിനു ശേഷം പഞ്ചായത്തിലെ ജനങ്ങളെ സഹായിക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചൺ ചക്കരക്കൽ ടൗണിൽ പ്രവർത്തനമാരംഭിച്ചു. സിഡിഎസ് ചെയർപേഴ്സൺന്റെ നേതൃത്വത്തിൽ വാർഡ് മെമ്പർമാരും സിഡിഎസ് മെമ്പർമാരും ഇ.ആർ.ടി വളണ്ടിയർമാരും പ്രവർത്തനത്തിൽ ഏർപ്പെട്ടു.

### തുണി സഞ്ചി നിർമ്മാണം

സപ്ലൈകോ ചക്കരക്കൽ, ചാല, വെള്ളച്ചാൽ സ്റ്റോറുകളിലേക്കായി 4 കുടുംബശ്രീ ഗ്രൂപ്പ്സംരംഭങ്ങളുടെ നേതൃത്വത്തിൽ 8815 തുണി സഞ്ചികൾ നിർമിച്ചു നൽകുകയു  ായി.

## MKSP

Microgeens കാമ്പയിൻ്റെ ഭാഗമായി 17 അംഗങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് സംഘടിപ്പിക്കാൻ സി ഡി എസിന് സാധിച്ചു

**അഗതി രഹിത കേരളം**

അഗതിരഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്കായുള്ള കിറ്റ് മുടങ്ങാതെ കൃത്യസമയത്ത് തന്നെ എത്തിക്കുകയും. ആർ.പി യെ നിയമിച്ചുകൊ ് കൃത്യമായ ഇടവേളകളിൽ ഗുണഭോക്താക്കളെ ഫോൺ വഴി ബന്ധപ്പെട്ടുകൊ ് മരുന്നുകളും ,ഭക്ഷണ സാധനങ്ങളും എത്തിച്ചു കൊടുക്കുകയും ചെയ്തു. ഇതിൽ ആശുപത്രി സേവനം ആവശ്യമായി വന്ന ഗുണഭോക്താവിന് വള ിയർമാർ വഴി വാഹനം ഏർപ്പാടാക്കി നൽകുകയും ചെയ്തു.

**ബാലസഭ**

ജില്ലാതലത്തിൽ ബാലസഭാ കുട്ടികൾക്കായി നടന്ന കവിത, കാർട്ടൂൺ രചനാമത്സരങ്ങൾ സിഡിഎസ് തലത്തിൽ ഓൺലൈ[3] ആയി സംഘടിപ്പിക്കുകയും ജില്ലാതല മത്സരങ്ങളിലേക്ക് തിരഞ്ഞെടുക്കുകയും ചെയ്തു.

ചെമ്പിലോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ കൊറോണ കേസ് റിപ്പോർട്ട് ചെയ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രദേശം റെഡ് സോണായി പ്രഖ്യാപിക്കപ്പെട്ടു. തുടർന്ന് പഞ്ചായത്തും കുടുംബശ്രീയും സംയോജിച്ച് call center സേവനം ആരംഭിച്ചു. ഇതുവഴി പൊതുജനങ്ങൾക്കാവശ്യമായ മരുന്നും ഭക്ഷണ സാധനങ്ങളും വീടുകളിൽ എത്തിച്ചു നൽകി . ADS ൻ്റെ നേതൃത്വത്തിൽ റേഷൻ സാധനങ്ങളും കിറ്റും വീടുകളിൽ എത്തിച്ചു നൽകി. കൂടാതെ അതിഥി തൊഴിലാളികൾക്കും ക്വാറൻ്റൈനിൽ കഴിയുന്ന കുടുംബങ്ങൾക്കും ആവശ്യമായ ഭക്ഷണ സാധനങ്ങളും മറ്റും വീടുകളിൽ എത്തിച്ചു നൽകി. സുഭിക്ഷ കേരളം പദ്ധതിയുടെ

ഭാഗമായി കൃഷിഭവനുമായി സംയോജിച്ച് എല്ലാ വീടുകളിലും പച്ചക്കറി കൃഷി ചെയ്യാൻ ആരംഭിച്ചു. 40 ഓളം സന്നദ്ധ വള  ിയർമാർ സന്നദ്ധസേന രജിസ്ട്രേഷൻ ചെയ്തു.

- പരീക്ഷയെഴുതുന്ന കുട്ടികൾക്കായി മാസ്ക് വിതരണം എല്ലാ വാർഡിലും നടത്തി.



- ചെമ്പിലോട് ഗ്രാമപഞ്ചായത്ത് അഞ്ചാം വാർഡ് ശ്രീലക്ഷ്മി കുടുമ്പശ്രീ അവരുടെ കുടുംബശ്രീ അംഗങ്ങളുടെ സമീപ പ്രദേശത്തെ BPL കുടുംബത്തിലെ മുതിർന്ന അമ്മമാർക്കും . കിടപ്പ് രോഗികൾക്കും. കുടുംബശ്രീയിലെ BPL അംഗങ്ങൾക്കും . നിരീക്ഷണത്തിൽ കഴിയുന്നവർക്കും നൽകുന്ന ഭക്ഷ്യ കിറ്റ് വിതരണം ചെയ്തു.



- ചെമ്പിലോട് സി ഡി എസ്സിലെ ഏഴാം വാർഡിൽ ഉദയ കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന പൂത്തുമ്പി ബാലസഭാ അംഗങ്ങൾ അവരുടെ സമ്പാദ്യത്തിന്റെ ഒരു വിഹിതം മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവനയായി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ടി. വി ലക്ഷ്മിക്ക് കൈമാറി.



സിഡിഎസ് ചെയർപേഴ്സൻ : ഷീജ. എം.പി

ബ്ലോക്ക് കോ ഓർഡിനേറ്റർ : സുഹീഷ് കെ

എടക്കാട് ബ്ലോക്ക്

കണ്ണൂർ ജില്ല